പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 03.05.2017 -ലെ
നമ്പർ 1450 മറുപടിക്ക്

വാർഷികപദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എ.പി.അനിൽ കുമാർ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) 2016-17 ലെ വാർഷിക പദ്ധതികളുടെ നടത്തിപ്പിൽ പാളിച്ചയും വീഴ്ചയും ഉണ്ടായിട്ടുണ്ടോ; അതിനുള്ള കാരണം എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) 2017-18 മുതൽ 60 ശതമാനം പദ്ധതികൾക്ക് മേയ് 30 നകം ഭരണാനുമതി നേടിയിരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) 16-03-2017-ലും 05.04.2017-ലും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പദ്ധതി അവലോകനയോഗങ്ങളിൽ 60 ശതമാനം പദ്ധതികൾക്കും ജൂൺ 30 നകം ഭരണാനുമതിനേടിയിരിക്കണം എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) എല്ലാ പദ്ധതികൾക്കും ഓരോ ഘട്ടത്തിലുമുള്ള സമയക്രമം ഉൾപ്പെടെയുള്ള രൂപരേഖ തയ്യാറാക്കിയും പദ്ധതി പുരോഗതി എല്ലാ മാസവും വിലയിരുത്തിയും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | (സി) എല്ലാമാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി പുരോഗതി നിരീക്ഷിക്കുകയും വിലയിരുത്തുകയും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള പ്ലാൻ എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി ഓരോ ത്രൈമാസത്തിനുശേഷവും യോഗം ചേർന്ന് പദ്ധതി പുരോഗതി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തുവരുന്നു. ഓരോ വകുപ്പ് സെക്രട്ടറിമാരും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരും പദ്ധതി നിർവ്വഹണം സംബന്ധിച്ച് പ്രതിമാസ അവലോകനയോഗം കൂടാനും 05.04.2017 ന് കൂടിയ യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ